കുപ്പായക്കോട് ക്രംബ് റബ്ബർ ഫാക്ടറി ജീവനക്കാർക്ക് സൗജന്യ റേഷൻ

73 (4129) ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മാനേജ്മെന്റ് ലോക്കൗട്ട് ചെയ്തതുകാരണം പ്രതിസന്ധിയിലായ കുപ്പായക്കോട് ക്രംബ് റബ്ബർ ഫാക്ടറിയിലെ തൊഴിലാളികൾക്ക് സൗജന്യ റേഷൻ അനുവദിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ സൗജന്യ റേഷൻ അനുവദിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) സൗജന്യ റേഷൻ അനുവദിക്കണമെന്ന ആവശ്യം സർക്കാർ പരിശോധിച്ചുവരുന്നു.

സ്വകാര്യ ആശുപത്രി ജീവനക്കാർക്ക് മിനിമം വേതനം

74 (4130) ശ്രീ. ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ സ്വകാര്യ ആശുപത്രികളിലായി എത്ര ജീവനക്കാർ ജോലി ചെയ്യുന്നുണ്ട് എന്നാണ് കണക്കാക്കിയിട്ടുള്ളത് ;

(ബി) സ്വകാര്യ ആശുപത്രി ജീവനക്കാർക്ക് മിനിമം വേതനം നടപ്പിലാക്കി ഉത്തരവായിട്ടുണ്ടോ ; എങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് 43,000-ൽ അധികം ജീവനക്കാർ സ്വകാര്യ ആശുപത്രികളിൽ ജോലി ചെയ്യുന്നുണ്ട്.

(ബി) ഉണ്ട്. സ്വകാര്യ ആശുപത്രിയിലേയും അനുബന്ധ സ്ഥാപനങ്ങളിലേയും ജീവനക്കാർക്ക് 2009 ഡിസംബർ 16-ാം തീയതിയിലെ ജി.ഒ.(എം എസ്) നമ്പർ 174/09/തൊഴിൽ എന്ന ഉത്തരവ് പ്രകാരം മിനിമം വേതനം പുതുക്കി നിശ്ചയിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly